(സി) കൃഷി വകുപ്പിൽ 'ആത്മ' പദ്ധതിയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കു പുറമെ കൃഷി വിജ്ഞാനകേന്ദ്രം, സി.പി.സി.ആർ.ഐ., കൃഷി അനുബന്ധ വകുപ്പിലെ ഉദ്യോഗസ്ഥർ, കാർഷിക അവാർഡ് നേടിയ കർഷകർ എന്നിവരെ മാതൃകാ സംരംഭങ്ങൾ തെരഞ്ഞെടുക്കുന്നതിനും അവർക്ക്വേണ്ട സാങ്കേതിക , സഹായം നൽകുന്നതിനുംവേണ്ടി പ്രത്യേക കമ്മിറ്റി (ഫാർമർ റിസർച്ച് കമ്മിറ്റി-FRC) അംഗങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കൃഷിനാശവും നഷ്ടപരിഹാരവും**

**167 (4206)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൃഷിനാശം സംഭവിക്കുന്നവർക്ക് എന്തൊക്കെ നഷ്ടപരിഹാരങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകുന്നുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി അഗ്രികൾച്ചറൽ ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന ഇൻഷ്വർ ചെയ്ത വിളകൾക്ക് കൃഷിനാശമുണ്ടായാൽ നഷ്ടപരിഹാരം നൽകുന്നുണ്ട്. കൂടാതെ, പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടാകുമ്പോൾ വീണ്ടും വിളയിറക്കുന്നതിന് സംസ്ഥാന വിത്തുവികസന അതോറിറ്റി മുഖേന കർഷകർക്ക് സൗജന്യമായി വിത്ത് ലഭ്യമാക്കുന്നുണ്ട്.

**സമ്പൂർണ്ണ ജൈവ കാർഷിക പദ്ധതി**

**168 (4207)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. ഹംസ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly